2548
15/2/21

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - സ്ഥാപനകാര്യം - തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും ( ഡി) വകുപ്പ്

**സ.ഉ.(കൈ) നം.12/2021/തൊഴിൽ** തീയതി,തിരുവനന്തപുരം, 11/02/2021

പരാമർശം:- 1. വ്യവസായ ( ജി) വകുപ്പിന്റെ 232/G2/2018/വ്യവ നമ്പർ ഫയൽ.
2.22/01/2021- ലെ സ.ഉ(കൈ) നം.6/2021/തൊഴിൽ നമ്പർ ഉത്തരവ്.

**ഉത്തരവ്**

തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായ ശ്രീ. വി. നമശിവായം സമർപ്പിച്ച റിപ്പോർട്ടിൽ തോട്ടം മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മാത്രമായി ഒരു വകുപ്പ് സംസ്ഥാനത്ത് ഇല്ലെന്നും തോട്ടം മേഖലയുടെ പുനരുജ്ജീവനം എന്നത് പുതുതായി ഉയർന്നു വരുന്ന കമ്പോള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഓരോ ഉപവിഭാഗത്തിന്റെയും മൂല്യ വർദ്ധന സാധ്യതകളെ അഭിസംബോധന ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുന്നതിനാൽ പുതുവഴികൾ സ്വീകരിക്കുന്നതിനും സർക്കാർ നയം ഊർജ്ജസ്വലതയോടെ നടപ്പാക്കുന്നതിനും "ഒരു സ്വതന്ത്ര ഡയറക്ടറേറ്റ് " രൂപീകരിക്കേണ്ടതാണെന്നും ശുപാർശ സമർപ്പിക്കുകയുണ്ടായി . കൂടാതെ പരാമർശ ഉത്തരവ് പ്രകാരം പ്ലാൻറേഷൻ പോളിസിക്ക് അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പോളിസിയിലെ ഒരു ഇനമാണ് തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുക എന്നത്.

സർക്കാർ ടി കാര്യം വിശദമായി പരിശോധിച്ചു. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

To

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാൻറേഷൻ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( 16.11.2020- ലെ LBR-2/220/2020/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്).
വ്യവസായ ( ജി) വകുപ്പ് ( 232/G2/2018/വ്യവ നമ്പർ ഫയൽ ).
പൊതുഭരണ (എസ്.സി.)വകുപ്പ്

File No.LBRD-D3/223/2020-LBRD

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Aswathi K.S.

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം.ഡി3/223/2020/തൊഴിൽ ഇനം നം: 4623

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി3/223/2020/തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് |
| 3 | വിഷയം | : | തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 07.02.2021. |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | നിലവിൽ ഇല്ല |
| | ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിച്ചുണ്ടോ | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല<br>ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ .റ്റി. ശ്രീകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ശ്രീ. സത്യജിത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 09.02.2021. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 09.02.2021. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 09.02.2021. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി തീയതി. | : | 09.02.2021. |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി. | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായ ശ്രീ. വി. നമശിവായം ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തോട്ടം മേഖലയിലെ ഉദ്യോഗസ്ഥർ, തോട്ടം ഉടമകൾ എന്നിവരിൽ നിന്നും വിവര ശേഖരണം നടത്തിയാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയത്. തോട്ടം മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മാത്രമായി ഒരു വകുപ്പ് സംസ്ഥാനത്ത് ഇല്ല. തോട്ടം മേഖലയുടെ പുനരുജ്ജീവനം എന്നത് പുതുതായി ഉയർന്നു വരുന്ന കമ്പോള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഓരോ ഉപവിഭാഗത്തിന്റെയും മൂല്യ വർദ്ധന സാധ്യതകളെ അഭിസംബോധന ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ പുതുവഴികൾ സ്വീകരിക്കുന്നതിനും സർക്കാർ നയം ഊർജ്ജസ്വലതയോടെ നടപ്പാക്കുന്നതിനും "ഒരു സ്വതന്ത്ര ഡയറക്ടറേറ്റ് " രൂപീകരിക്കേണ്ടതാണ് എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയ്ക്ക് മാത്രമായി തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകിയിരുന്നു.

3) 22.01.2021-ലെ സ. ഉ (എം.എസ്) നം. 6/2021/തൊഴിൽ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച പ്ലാന്റേഷൻ പോളിസിയിലെ ഒരു ഇനമാണ് തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുക എന്നുള്ളത്. കൂടാതെ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനായി 2020-21-ലെ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2230-01-102-89 ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനായി നയപരമായ ഒരു തീരുമാനമെടുക്കുകയോ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

4) ഈ സാഹചര്യത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകാവുന്നതാണോ?